## പ്രത്യേക പരാമർശം

**തുർക്കി, സിറിയ ഭൂകമ്പത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് അനുശോചനം**

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ലോക മനഃസാക്ഷിയെ ഞെട്ടിക്കുന്ന പ്രകൃതി ദുരന്തമാണ് തുർക്കിയിലും പശ്ചിമ സിറിയയിലും ഫെബ്രുവരി 6-ന് ഉണ്ടായത്. സമാനതകളില്ലാത്ത ദുരന്തമാണിത്.

ഭൂമി കുലുക്കത്തെ തുടർന്ന് ആയിരക്കണക്കിന് വിലപ്പെട്ട ജീവനുകളാണ് പൊലിഞ്ഞുപോയത്. വൻതോതിലുള്ള നാശനഷ്ടങ്ങളുമുണ്ടായി. നമ്മുടെ രാജ്യത്തും പ്രകൃതി ദുരന്തങ്ങൾ മുമ്പ് ഉണ്ടായിട്ടുണ്ട്. ലോകത്ത് എവിടെയായാലും മനുഷ്യൻ നേരിടുന്ന ഇത്തരം ദുരന്തങ്ങൾ നമ്മെ അഗാധമായ ദുഃഖത്തിലാഴ്ത്തുന്നു. എന്നാൽ ഈ അവസരത്തിൽ സ്തബ്ധരായി ഇരിക്കാതെ നമ്മളാൽ കഴിയുന്ന എല്ലാവിധ ദുരിതാശ്വാസ പ്രവർത്തനങ്ങളിലും ഏർപ്പെടുക എന്നതാണ് എക്കാലത്തും നമ്മൾ സ്വീകരിച്ചിട്ടുള്ള രീതി.

തുർക്കി, സിറിയയിലെ ഭൂകമ്പ ബാധിത പ്രദേശങ്ങളിൽ അടിയന്തര ദുരന്ത നിവാരണ പ്രവർത്തനങ്ങളും വൈദ്യസഹായവും എത്തിക്കാൻ നമ്മുടെ രാജ്യം ഇതിനകം തയ്യാറെടുത്തുകഴിഞ്ഞു. ഇക്കാര്യത്തിൽ നമ്മുടെ

സംസ്ഥാനത്തെക്കൊണ്ട് സാധ്യമായ എല്ലാ സഹായങ്ങളും ചെയ്യാൻ നാം സന്നദ്ധരാണ്. തകർന്നുപോയ ആ ഭൂപ്രദേശത്തെയും ജനതയെയും പൂർവ്വസ്ഥിതിയിലേയ്ക്ക് തിരികെ കൊണ്ടുവരുന്നതിന് ലോകത്തോടൊപ്പം നമ്മുടെ നാടും കൈകോർക്കേണ്ടതുണ്ട്.

പ്രകൃതി ദുരന്തത്തിൽ മൃതിയടഞ്ഞവർക്ക് ഈ സഭ ആദരാഞ്ജലികൾ അർപ്പിക്കുന്നു. അവരുടെ കുടുംബങ്ങൾക്കൊപ്പം നിൽക്കുന്നു. അവരുടെ ദുഃഖത്തിൽ പങ്കുചേരുകയും ചെയ്യുന്നു.

(തുർക്കി, സിറിയ ഭൂകമ്പത്തിൽ മരണപ്പെട്ടവരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റുനിന്ന് മൗനമാചരിച്ചു.)